# Malayala Manorama
# 24 August 2018
# Kottayam; Medical Camp,Flood

## മനോരമ മെഡിക്കൽ ക്യാംപ്: ചികിൽസ തേടിയത് നൂറുകണക്കിനു പേർ

മനോരമ ലേഖകൻ

കോട്ടയം● പ്രളയബാധിത മേഖലകളിൽ മലയാള മനോരമ സംഘടിപ്പിച്ച 'കൂടെയുണ്ട് നാട്' രണ്ടാംഘട്ട മെഡിക്കൽ ക്യാംപുകളിൽ ചികിൽസ തേടിയതു നൂറുകണക്കിനു പേർ.

ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലായി ഏഴു ക്യാംപുകളാണു നടത്തിയത്.

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ആസ്റ്റർ മെഡ്സിറ്റി, ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ, മദ്രാസ് മെഡിക്കൽ മിഷൻ, കോട്ടയം കാരിത്താസ് ആശുപത്രി, കട്ടപ്പന സെന്റ് ജോൺസ് ആശുപത്രി, തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജ്, കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ തൃശൂർ ശാഖ, ചാലക്കുടി സെന്റ് ജയിംസ് ആശുപത്രി തുടങ്ങിയവ മെഡിക്കൽ സഹായം നൽകി.

ഇന്നു കോട്ടയം, ഇടുക്കി ജില്ലകളിൽ രണ്ടു ക്യാംപുകൾ നടക്കും. എല്ലാ പ്രളയബാധിത മേഖലകളിലും മെഡിക്കൽ സേവനം ഉറപ്പുവരുത്താനായി 27 മുതൽ തുടർച്ചയായി ക്യാംപുകൾ ഉണ്ട്.